**സബ്മിഷൻ**

1. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ജലം ലഭ്യമാക്കൽ

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഈ ജലവർഷത്തിൽ നമുക്ക് ലഭിക്കേണ്ട assured irrigation ലഭിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്നാണ് എന്റെ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. പറമ്പിക്കുളം-ആളിയാർ കരാർ രണ്ട് തവണ പുതുക്കേണ്ട കാലാവധി കഴിഞ്ഞിട്ടും പുതുക്കിയിട്ടില്ലെന്നുമാത്രമല്ല ഈ ജലവർഷത്തിൽ നമുക്ക് അളന്നുനൽകേണ്ട assured irrigation-ൽനിന്നും 3.54 ടിഎംസി മാത്രമാണ് നാളിതുവരെയും ലഭിച്ചിട്ടുള്ളത്. ചിറ്റൂർ പുഴ, മീങ്കര, ചുള്ളിയാർ ഡാമുകളെ ആശ്രയിച്ച് 19,322 കൃഷിക്കാരാണ് 23,475 ഹെക്ടർ ഭൂമിയിൽ നെൽക്കൃഷി മാത്രമിറക്കുന്നത്. മറ്റ് കൃഷിയിറക്കുന്ന ആയിരക്കണക്കിന് കൃഷിക്കാരുണ്ട്. മൂലത്തറ മുതൽ ചിറ്റൂർ പുഴ, ഭാരതപ്പുഴയിലും മീങ്കര ഡാമുകളിലുമായി നിരവധി മേജർ കുടിവെള്ള പദ്ധതികൾക്ക് ആശ്രയിക്കുന്നതും assured irrigation-നെ മാത്രമാണ്. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലും ആളിയാർ പുഴയിലെ മറ്റ് ഡാമുകളിലുമായി

10.5 ടിഎംസി ജലം നിലവിലുണ്ടായിട്ടും 300-500 ക്യൂസെക്സ് വെള്ളം ലഭിക്കേണ്ട ഇക്കാലയളവിൽ ഇന്നലെ രാത്രി വരെ 200 ക്യൂസെക്സിൽ താഴെയാണ് തമിഴ്നാട് ഇറിഗേഷൻ വകുപ്പ് നമുക്ക് നൽകിയിട്ടുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതി (പിഎപി) കരാർ പ്രകാരം ജലത്തെ ആശ്രയിച്ച് രണ്ടാം വിളയിറക്കിയ കൃഷിക്കാരും കുടിവെള്ളത്തെ ആശ്രയിക്കുന്ന ജനങ്ങളും ഒരുപോലെ ആശങ്കയിലാണ്. കഴിഞ്ഞ ദിവസങ്ങളിൽ അവർ പ്രക്ഷോഭത്തിലാണ്. അതുകൊണ്ട് ഈ ജലവർഷത്തിൽ നമുക്ക് ലഭിക്കേണ്ട assured irrigation ലഭിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിന്തരമായി ഇടപെടണമെന്നതാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അതീവ ഗൗരവമായ ഒരു വിഷയമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചത്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരള സംസ്ഥാന അതിർത്തിയിൽ മണക്കടവ് വിയറിൽ ഒരു ജലവർഷം 7250 മില്ല്യൺ ക്യൂബിക് ഫീറ്റ് ജലം കേരളത്തിന് തമിഴ്നാട് ലഭ്യമാക്കേണ്ടതുണ്ട്. കരാർ വ്യവസ്ഥയനുസരിച്ച് അപ്പർ നീരാർ വെയറിൽ 2023 ഒക്ടോബർ 1-നും 2024 ജനുവരി 31-നുമിടയിൽ ലഭ്യമാകുന്ന

മുഴുവൻ ജലവും കേരളത്തിന് അർഹതപ്പെട്ടതാണ്. 2023-2024 ജലവർഷത്തിൽ 29-01-2024 വരെ 3573 മില്ല്യൺ ക്യൂബിക് ഫീറ്റ് ജലം മാത്രമാണ് ലഭ്യമായത്. കരാർ പ്രകാരം ജനുവരി ഒന്നാം ദ്വൈവാരം 5200 മില്ല്യൺ ക്യൂബിക് ഫീറ്റ് ജലമാണ് ലഭിക്കേണ്ടിയിരുന്നത്. ഈ കാലയളവിൽ 5788 മില്ല്യൺ ക്യൂബിക് ഫീറ്റ് ജലം കേരളം ആവശ്യപ്പെടുകയും ചെയ്തിരുന്നു. 2023-2024 ജലവർഷത്തിൽ മണക്കടവ് വിയറിൽ കേരളത്തിനാവശ്യമായ ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും തമിഴ്നാടുമായി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 19-10-2023-ൽ നടന്ന സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ ചിറ്റൂർ പ്രദേശത്തെ കൃഷി, കുടിവെള്ളം എന്നീ ആവശ്യങ്ങൾക്കായി ലഭ്യമാക്കേണ്ട ജലത്തിന്റെ കണക്കുകൾ അവതരിപ്പിച്ചെങ്കിലും നിലവിലെ വരൾച്ചാസാഹചര്യം കണക്കിലെടുത്ത് ജലം ലഭ്യമാക്കാനാകില്ലെന്നും ഡാമുകളുടെ വൃഷ്ടിപ്രദേശത്ത് മഴ ലഭ്യമാകുന്ന മുറയ്ക്ക് കേരളം ആവശ്യപ്പെട്ട തോതിലുള്ള ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് അറിയിക്കുകയുണ്ടായി. എന്നാൽ കേരളം ഈ സമീപനത്തോട് വിയോജിക്കുകയും പറമ്പിക്കുളം ജലസംഭരണിയിൽനിന്നും ആവശ്യമെങ്കിൽ

ജലം ആളിയാർ ഡാമിലെത്തിച്ച് മണക്കടവ് വിയറിൽനിന്നും കേരളത്തിന് ജലം ലഭ്യമാക്കണമെന്നും ആവർത്തിച്ച് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ഈ ആവശ്യമുന്നയിച്ച് ജലവിഭവ വകുപ്പുസെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ തമിഴ്നാടിന് കത്തുകൾ അയച്ചിരുന്നു. എന്നാൽ നിലപാട് മാറ്റാൻ തമിഴ്നാട് തയ്യാറായിട്ടില്ല. ഇന്നലത്തെ മന്ത്രിസഭാ യോഗത്തിലും ഈ പ്രശ്നം ഗൗരവമായി ചർച്ച ചെയ്തിരുന്നു. തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട അർഹമായ ജലത്തിനായി ശക്തമായ ഇടപെടലുകൾ തുടർന്നും നടത്തുന്നതാണ്.

## 2. പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ എ.പി.പി.-യുടെ മരണം

ശ്രീ. ജി. എസ്. ജയലാൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽ പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ അനീഷ്യയെ 21-01-2024-ന് സ്വന്തം വീട്ടിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തുകയുണ്ടായി. മാവേലിക്കര സെഷൻസ് കോടതി ജഡ്ജി ശ്രീ. അജിത്ത് കുമാറാണ് അനീഷ്യയുടെ ഭർത്താവ്. അനീഷ്യ ആത്മഹത്യ ചെയ്യുന്നതിനുമുമ്പെന്ന് കരുതുന്ന ശബ്ദരേഖകൾ പ്രചരിക്കുന്നുണ്ട്. മേൽഉദ്യോഗസ്ഥരിൽനിന്നും സഹപ്രവർത്തകരിൽനിന്നും സമ്മർദം

നേരിടുന്നതായും കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരസ്യമാക്കിയെന്നും തെറ്റിന് കൂട്ടുനിൽക്കാത്തതിന് നിരന്തരം മാനസികപീഡനം അനുഭവിക്കുന്നതായും അതിനാൽ ആത്മഹത്യയുടെ വക്കിലാണെന്നും പ്രചരിക്കുന്ന ശബ്ദസന്ദേശത്തിൽ പറയുന്നുണ്ട്. തൊഴിലിടത്തിൽ നേരിടേണ്ടിവരുന്ന മാനസികപീഡനം സംബന്ധിച്ച ഡയറിക്കുറിപ്പുകളുമുള്ളതായി പറയപ്പെടുന്നുണ്ട്. ഈ ആത്മഹത്യയുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യക്ഷമവും ശക്തവുമായ അന്വേഷണം അനിവാര്യമാണ്. അന്വേഷണത്തിന്റെ ചുമതല ക്രൈംബ്രാഞ്ച് ഏറ്റെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ എ.പി.പി. അനീഷ്യയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് നീതിയുക്തവും ശക്തവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്ന് അനീഷ്യയുടെ കുടുംബത്തിന് നീതി ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ വേഗത്തിലാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കൊല്ലം പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന

അനീഷ്യയുടെ ആത്മഹത്യയിൽ പരവൂർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 174 വകുപ്പ് പ്രകാരം ക്രൈം നമ്പർ 119/2024 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് അന്വേഷണം കൊല്ലം ജില്ലാ ക്രൈം ബ്രാഞ്ചിന് കൈമാറുകയും കൊല്ലം ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം ഊർജ്ജിത അന്വേഷണം നടത്തിവരികയുമാണ്. അനീഷ്യ എഴുതിയതെന്ന് കരുതുന്ന ഡയറി കുറിപ്പിനെയും ടിയാളുടേതാണെന്ന് പറയപ്പെടുന്ന ശബ്ദരേഖയിലെയും ആരോപണങ്ങളെ സംബന്ധിച്ച് ശാസ്ത്രീയ പരിശോധന നടത്തുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംഭവത്തിൽ ആരോപണ വിധേയരായ കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ശ്രീ. അബ്ദുൾ ജലീൽ, പരവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ശ്യാംകൃഷ്ണ കെ. ആർ. എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

3. പൈവളിഗെയിൽ പോലീസ് സ്റ്റേഷൻ

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം താലൂക്കിലെ പൈവളിഗെ ബായിക്കട്ടയിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ. കേരളത്തിന്റെ വടക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന മഞ്ചേശ്വരം താലൂക്കിൽ നിലവിൽ കുമ്പള, മഞ്ചേശ്വരം എന്നീ രണ്ട് പോലീസ് സ്റ്റേഷനുകളാണുള്ളത്. 14 ഊടുവഴികളാണ് കർണ്ണാടകത്തിലേയ്ക്കുള്ളത്. കഴിഞ്ഞ രണ്ട് വർഷങ്ങളോളമായി മുപ്പതിലധികം മോഷണങ്ങൾ അത് രാത്രിയിലല്ല ഉച്ചയ്ക്കും വൈകുന്നേരവും രാവിലെയുമൊക്കെ നടന്ന വലിയ മോഷണ പരമ്പരയും, സമരങ്ങളും എന്റെ നാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്. 30-40 വർഷമായി മഞ്ചേശ്വരം കുമ്പള പോലീസ് സ്റ്റേഷന്റെ മധ്യേ പൈവളിഗെ പഞ്ചായത്തിലെ ബായിക്കട്ടയിൽ ഒരു പോലീസ് സ്റ്റേഷൻ തുടങ്ങണമെന്നുള്ള കാര്യം ഈ സഭയിൽ മുൻകാല എം.എൽ.എ.-മാർ നിരന്തരം ആവശ്യപ്പെട്ടതാണ്. പൈവളിഗെ ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ ജനുവരി മാസം 3-ാം തീയതി ഡി.ജി.പി.

സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്റെ മേഖലയിൽ പലപ്പോഴും മോഷണം ചെയ്യുന്നവരും കുറ്റവാളികളും വളരെ എളുപ്പത്തിൽ കർണ്ണാടകത്തിലേയ്ക്ക് കടക്കുന്നുണ്ട്. രണ്ട് പോലീസ് സ്റ്റേഷനുകളിലുംകൂടി നാൽപ്പതിയെട്ടോളം വില്ലേജുകളുടെ ദൈർഘ്യമാണ് മഞ്ചേശ്വരത്തുള്ളത്. ഈ പോലീസ് സ്റ്റേഷൻ വരുന്നതോടുകൂടി മഞ്ചേശ്വരത്തിന്റെ സമാധാനവും ശാന്തതയും ക്രമസമാധാനവും നിലനിർത്താൻ കഴിയും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറ്റുള്ള ഏതെങ്കിലും സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥന്മാരെ വിന്യസിച്ചുകൊണ്ട് അവിടെ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൈവളിഗെ പഞ്ചായത്തിൽ നിലവിൽ സ്ഥലം ലഭ്യമായിട്ടുണ്ട്. വാടക കെട്ടിടം തരാൻ ഞങ്ങൾ തയ്യാറാണ്. ഒരു പോലീസ് സ്റ്റേഷൻ തുടങ്ങുന്നുണ്ടെങ്കിൽ കൊടിയുടെ നിറം നോക്കാതെ നാട്ടുകാർ ഒറ്റക്കെട്ടായി ഏത് രീതിയിലും സഹകരിക്കാൻ തയ്യാറാണ്. പോലീസ് സ്റ്റേഷൻ ഉടൻ അനുവദിച്ച് മഞ്ചേശ്വരത്തിന്റെ ക്രമസമാധാനവും മോഷണവുമടക്കമുള്ള കാര്യങ്ങൾ നിയന്ത്രിക്കാൻ ഇടപെടൽ നടത്തണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുമായി ബന്ധപ്പെട്ട നടപടികളുടെ ഏകദേശ ചുരുക്കം അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ പൈവളിഗെ പ്രദേശം മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിലാണ് ഉൾപ്പെടുന്നത്. കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന ഈ പ്രദേശത്തെ ക്രമസമാധാനപാലനത്തിനുള്ള സൗകര്യാർത്ഥം ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പൈവളിഗെ വില്ലേജിൽപ്പെട്ട 30 സെന്റ് ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ട്. മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി വിഭജിച്ച് പൈവളിഗെയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള ശിപാർശ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശ സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## 4. ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. രമേശ് ചെന്നിത്തല: സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതിയെ സംബന്ധിച്ചാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കുടിവെള്ളത്തിന് ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന

പത്ത് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയുമാണ് ഹരിപ്പാടുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഇതിനുവേണ്ടി 2014-ൽ ഒരു സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കുകയും അന്നത്തെ ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ജെ. ജോസഫ് അതിന് തറക്കല്ലിടുകയും ചെയ്തു. ഏതാണ്ട് പത്ത് വർഷത്തോളം ആകാൻ പോകുകയാണ്. ഇതുവരെയും ഈ പദ്ധതി ഒച്ചിന്റെ വേഗതയിലാണ് മുന്നോട്ടുപോകുന്നത്. പല പ്രദേശങ്ങളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, കുമാരപുരം, കാർത്തികപ്പള്ളി എന്നീ പഞ്ചായത്തുകളിലൊക്കെ ട്യൂബ് വെൽ മുഖേനയാണ് കുടിവെള്ളം ലഭിക്കുന്നത്. ട്യൂബ് വെല്ലുകൾ തകരാറാകുന്നതുമൂലം പലപ്പോഴും അവിടെ വെള്ളം ലഭിക്കാത്ത അവസ്ഥയുണ്ട്. പഞ്ചായത്തുകൾ ഡിപ്പോസിറ്റ് ചെയ്യുന്ന തുക കൃത്യസമയത്ത് ട്യൂബ് വെല്ലുകൾ സ്ഥാപിക്കുന്നതിന് ഭൂജല വകുപ്പ് കാണിക്കുന്ന അനാസ്ഥയും കുടിവെള്ളം ലഭിക്കാത്ത പ്രശ്നത്തെ രൂക്ഷമാക്കുന്നു. വേനൽക്കാലം ആകുമ്പോൾ സ്ഥിതിഗതികൾ അതിരൂക്ഷമാകുന്നു. ഈ പദ്ധതി നിർവ്വഹണം പല കാരണങ്ങളാൽ മുടങ്ങിപോകുകയാണ്. നഗരസഭയ്ക്കും പത്ത് പഞ്ചായത്തുകൾക്കും വിഭാവന ചെയ്ത സമഗ്ര കുടിവെള്ള പദ്ധതി 2014-ൽ എൻ.ആർ.ഡി.ഡബ്ല്യു.പി.-ൽ

ഉൾപ്പെടുത്തി 35 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിനുശേഷം പള്ളിപ്പാട് പഞ്ചായത്ത് 50 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെയും മാന്നാർ മുല്ലശ്ശേരി കടവിൽ പമ്പാ നദിയുടെ തീരത്ത് ഇൻടേക്ക് വെൽ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ബാക്കിയുള്ള നടപടികളാണ് മുന്നോട്ടുപോകാത്തത്. പലതവണ ടെണ്ടർ ചെയ്തിട്ടും അതിന്റെ നടപടികൾ മുന്നോട്ടുപോകുന്നില്ല. ഞാൻ നിരവധി തവണ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഈ പദ്ധതി നടപ്പിലാക്കാനുണ്ടാകുന്ന കാലതാമസം മന്ത്രിയുടെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. പത്ത് വർഷമായിട്ടും ഈ പദ്ധതി നടപ്പിലാക്കാത്തത് വകുപ്പിന്റെ അനാസ്ഥയാണ്. ഒരു പദ്ധതി തയ്യാറാക്കിയത് നടപ്പിലാക്കുന്നതിനുവേണ്ടി പത്ത് വർഷമെടുത്തിട്ടും പൂർത്തീകരിക്കുന്നില്ലായെന്ന് പറയുന്നത് കേരളത്തിന്റെ ദൗർഭാഗ്യകരമായ അവസ്ഥാവിശേഷമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത് പരിഹരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഹരിപ്പാട് മുനിസിപ്പാലിറ്റിക്കും പത്ത് സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ വിഷയത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ആ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഒന്നാംഘട്ടം, 50 എം.എൽ.ഡി. ജലശുദ്ധീകരണശാലയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, അതിന് 04-03-2014-ൽ 35 കോടി രൂപയുടെ ഭരണാനുമതി നൽകി. പള്ളിപ്പാട് 50 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ പ്രവൃത്തിയും മാന്നാർ മുല്ലശ്ശേരിക്കടവിൽ കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടം സ്റ്റേറ്റ് പ്ലാൻ ... ഉൾപ്പെടുത്തി 2017-ലാണ് 35 കോടി രൂപയുടെ ഭരണാനുമതി നൽകിയത്. രണ്ടാം ഘട്ടത്തിൽ 90mm HDPE റാ വാട്ടർ പമ്പിംഗ് മെയിൻ 14 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, ട്രാൻസ്ഫോമർ, പമ്പുകൾ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരുന്നത്. പള്ളിപ്പാട് ശുദ്ധീകരണശാലയ്ക്ക് സമീപം 1400000 ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തനം

പൂർത്തീകരിച്ച് കഴിഞ്ഞു. എന്നാൽ മുല്ലശ്ശേരിക്കടവ് മുതൽ പള്ളിപ്പാട് ജലശുദ്ധീകരണശാല വരെയുള്ള 9 കിലോമീറ്റർ 900mm HDPE റാ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കേണ്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പൈപ്പ് സ്ഥാപിക്കേണ്ട സ്ഥലത്തെ മണ്ണ് പരിശോധനയ്ക്കുശേഷം HDPE PE 100, PN10 എന്ന പ്രത്യേകതരം പൈപ്പ് സ്ഥാപിക്കണമെന്ന WASCON തിരുവനന്തപുരത്തിന്റെ നിർദ്ദേശത്തെ തുടർന്ന് എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ഭരണാനുമതി നൽകിയ 21.90 കോടി രൂപയിൽനിന്നും എസ്റ്റിമേറ്റ് തുക 49.90 കോടി രൂപയായി അധികരിച്ചു. എസ്റ്റിമേറ്റ് തുക അധികരിക്കാൻ കാരണം പൈപ്പിന്റെ പ്രത്യേകതയിലുള്ള മാറ്റവും കൂടാതെ പൈപ്പ് സ്ഥാപിക്കേണ്ട റോഡുകളെല്ലാംതന്നെ പൊതുമരാമത്ത് വകുപ്പ് ബി.എം. & ബി.സി. ചെയ്ത റോഡായതിനാൽ റോഡ് റെസ്റ്റോറേഷൻ ചാർജ് അധികരിച്ചതിനാലുമാണ് നിലവിലെ ഭരണാനുമതിക്കുള്ളിൽ നിന്നുകൊണ്ട് 5.70 കിലോമീറ്റർ 800mm MS Spiral Welded Pipe സ്ഥാപിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാർ ഉന്നത നിരക്കിൽ ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ അംഗീകരിക്കാൻ സാധിച്ചില്ല. രണ്ടാം ഘട്ടത്തിൽ

പണം അനുവദിച്ച ട്രാൻസ്ഫോമർ, പമ്പ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ചെയ്യാൻ സാധിക്കാത്തത് ഇതോടൊപ്പം പൂർത്തികരിക്കേണ്ട റാ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവർത്തനം നടത്താൻ സാധിക്കാത്തതിനാലാണ്. തുടർന്ന് ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം ലക്ഷ്യമിട്ട് പൂർത്തീകരിക്കുന്നതിനുള്ള ഘടകങ്ങൾ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കുടിവെള്ള കണക്ഷന് ശാശ്വത പരിഹാരം കാണുന്നതിനായി 38038 ഗാർഹിക കണക്ഷനുകൾ ഉൾപ്പെടുന്ന പ്രവൃത്തിക്കായി 568.43 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പത്ത് പ്രവൃത്തികളിൽ നിന്നായി 2125 കണക്ഷനുകൾ നൽകി കഴിഞ്ഞു. മേൽപ്പടി പ്രവൃത്തികളെല്ലാംത്തന്നെ നല്ലരീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിഷ്കർഷിച്ചിരിക്കുന്ന സമയത്തിനുള്ളിൽത്തന്നെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി നിർവ്വഹണം അഞ്ച് മേഖലകളായി തിരിച്ച് വിതരണ ശൃംഖലയിലെ ഉന്നതതല ജലസംഭരണിയിലെ നിർമ്മാണവും ടെണ്ടർ നടപടികളിലാണ്. റാ വാട്ടർ

പമ്പിംഗ് മെയിനിന്റെ പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ച് കരാറുകാരനെ നിശ്ചയിക്കുന്ന ഘട്ടത്തിൽ പ്രീ-ക്വാളിഫിക്കേഷൻ സംബന്ധിച്ച് പരാതി ഉണ്ടാകുകയും അത് കോടതി വ്യവഹാരത്തിലേയ്ക്ക് നീങ്ങുകയും മേൽപ്പടി വിഷയത്തിൽ ബഹുമാനപ്പെട്ട കോടതിയുടെ വ്യവഹാര തീർപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമേ കരാറുകാരനെ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ഹരിപ്പാട് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങളും യൂണിറ്റുകളും സ്ഥാപിക്കുന്ന രണ്ട് പ്രവൃത്തികളിൽ ഒന്ന് ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മേൽപ്പടി പദ്ധതിയുടെ ഭാഗമായി റെയിൽവേ ക്രോസിംഗ് അനുമതിയും പി.ഡബ്യൂ.ഡി. കെ.ആർ.എഫ്.ബി., പി.ഡബ്ല്യൂ.ഡി. എൻ.എച്ച് തുടങ്ങിയ വിവിധ വകുപ്പുകളിൽ നിന്നും വിവിധ പഞ്ചായത്തുകളിൽനിന്നും റോഡ് കട്ടിംഗ് അനുമതിയും ലഭിക്കേണ്ടതുണ്ട്. മേൽപ്പടി വകുപ്പുകളിൽനിന്നും യഥാസമയം അനുമതി ലഭിച്ചാൽ മാത്രമേ മേൽപ്പടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. ആറാട്ടുപുഴ പഞ്ചായത്തിൽ നിലവിലുള്ള 16 കുഴൽക്കിണറുകളിലൂടെ ജലവും പത്തിയൂർ ജലശുദ്ധീകരണശാലയിൽ നിന്നും 2.50 ലിറ്റർ ജലവും

ചേർത്താണ് വിതരണം ചെയ്യുന്നത്. എന്നാൽ ഭൂഗർഭ ജലവിതാനം താഴ്ന്നതിന്റെ പശ്ചാത്തലത്തിൽ കുഴൽക്കിണറിലൂടെയുള്ള തുടർച്ചയായ പമ്പിംഗ് സാധ്യമല്ലാതായതിനാൽ പരിഹാരമായി മൂന്ന് പുതിയ കുഴൽക്കിണറുകൾ ഭൂഗർഭ ജലവിഭവ വകുപ്പ് നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കുഴൽക്കിണറുകൾ നിലവിലുള്ള ജലവിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന അനുബന്ധ പ്രവൃത്തികൾക്ക് ആവശ്യമായ തുക ഗ്രാമപഞ്ചായത്തിൽ ഡിപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് ഇതിലൂടെയുള്ള ജലവിതരണം സാധ്യമാക്കി കുടിവെള്ള പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാമെന്ന് പ്രതീക്ഷിക്കുന്നു. തൃക്കുന്നപ്പുഴ പഞ്ചായത്തിൽ നിലവിൽ ജലവിതാനം താഴുന്നതുമൂലം ഗ്രാമപഞ്ചായത്തിൽ ഡിപ്പോസിറ്റ് പ്രവൃത്തിക്കായി ഭൂഗർഭജല വകുപ്പിനെകൊണ്ട് നാല് കുഴൽക്കിണറുകൾകൂടി നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത കുഴൽക്കിണറുകൾ നിലവിലുള്ള ജലവിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി പഞ്ചായത്തിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് കഴിയും. നിയമപരമായ ചില പ്രശ്നങ്ങളും

തടസ്സങ്ങളും ചില ഘട്ടത്തിൽ തടസ്സങ്ങളുണ്ടാക്കിയിട്ടുണ്ട്. ജലജീവൻ മിഷന്റെ പദ്ധതി മുഖാന്തരമുള്ള പ്രവൃത്തികൾ നല്ലരീതിയിൽ മോണിറ്റർ ചെയ്ത് പോകുന്നുണ്ട്. ഭൂഗർഭജലവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് കുറച്ചുകൂടി മോണിറ്ററിംഗ് നടത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം. മേൽപ്പടി തടസ്സങ്ങളെല്ലാം മോണിറ്റർ ചെയ്യുന്നതിനാവശ്യമായ നടപടി വകുപ്പുതലത്തിൽത്തന്നെ ക്രോഡീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

5. <u>ബീഡി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ</u>

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, വ്യാജ ബീഡിയും അനധികൃത ബീഡി വിൽപ്പനയുംമൂലം ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ചാണ് സബ്മിഷൻ. ഇന്ത്യയിൽ എൺപതുലക്ഷം ആളുകൾ മുതൽ ഒരു കോടി ആളുകൾ വരെ ബീഡി വ്യവസായത്തെ ആശ്രയിച്ചു കഴിയുന്നുണ്ട്. കേരളത്തിൽ അമ്പതിനായിരം ആളുകൾ ഈ വ്യവസായത്തെ ആശ്രയിച്ച് കഴിയുന്നുണ്ട്. നാൽപ്പതിനായിരത്തോളം തൊഴിലാളികൾ തൊഴിൽ ചെയ്തിരുന്ന കണ്ണൂർ ദിനേശ് ബീഡി കമ്പനിയിൽ ഇപ്പോഴുള്ള തൊഴിലാളികളുടെ എണ്ണം നാലായിരമാണ്. ചാവക്കാട് കാജാ ബീഡി കമ്പനിയും കണ്ണൂരിലെ സാധു ബീഡി

കമ്പനിയും അടച്ചുപൂട്ടലിന്റെ വക്കിലാണ്. മംഗലാപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ബീഡി കമ്പനികളിൽ ജോലി ചെയ്യുന്ന ധാരാളം തൊഴിലാളികൾ കാസർഗോഡ് ജില്ലയിലുമുണ്ട്. ഈ വ്യവസായം ഒരു തകർച്ചയെ നേരിടുന്ന വ്യവസായമാണെങ്കിലും മലയാളികളിൽ പുകവലി ശീലം കുറഞ്ഞിട്ടുണ്ടെങ്കിലും ഇന്ന് കേരളത്തിൽ അതിഥിത്തൊഴിലാളികൾ ധാരാളമുള്ള സംസ്ഥാനമെന്ന നിലയിൽ അവർക്കിടയിൽ പുകവലി ശീലമുള്ളതിനാൽ ബീഡി വിൽപ്പനയിൽ വർദ്ധനവ് വന്നിട്ടുണ്ട്. വ്യാജ ബീഡിയും അനധികൃത ബീഡി വിൽപ്പനയും കേരളത്തിൽ വ്യാപകമാകുന്നു. ദിനേശ് ബീഡിയുൾപ്പെടെയുള്ള 28 ശതമാനം ജി.എസ്.ടി. നൽകുന്ന ബീഡി വ്യവസായ മേഖലയെ വ്യാജ ബീഡി കടന്നുകയറ്റം തകർക്കുകയാണ്. ഇതിന്റെ ഭാഗമായി ദിനേശ് ബീഡിയുടെ ആകെ വിൽപ്പന 60 കോടി രൂപയിൽനിന്ന് 30 കോടി രൂപയിലേയ്ക്ക് താഴ്ന്നു. ഇതുമൂലം സർക്കാരിന് ലഭിക്കുന്ന നികുതിയിനത്തിൽ കുറവുണ്ടായിട്ടുണ്ട്. അനധികൃത വിൽപ്പനയും വ്യാജ ബീഡി കടന്നുകയറ്റവും തടയുന്നതിന് വിജിലൻസ്, പോലീസ് സ്ക്വാഡുകളുടെ പരിശോധനകൾ ശക്തിപ്പെടുത്തുന്നതിന് വ്യവസായ വകുപ്പ് നടപടി സ്വീകരിക്കണം. കോഴിക്കോട് ജില്ലയിൽ ഒരു വർഷം 10 കോടി രൂപയുടെ ബീഡി വിൽപ്പന നടക്കുമ്പോൾ രണ്ടുകോടി രൂപ മാത്രമാണ് കണക്കിൽ വരുന്നത്. ഇക്കാര്യത്തിൽ നിരവധി പരാതികൾ ദിനേശ് ബീഡിയും

കാജാ ബീഡിയും ഉൾപ്പെടെയുള്ള കമ്പനികൾ നൽകിയെങ്കിലും പരിഹാരമായിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ ഉചിതമായ നടപടി സ്വീകരിച്ച് ഈ വ്യവസായത്തെ സംരക്ഷിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബീഡി വ്യവസായം പൊതുവെ പ്രതിസന്ധി നേരിടുന്ന ഒരു മേഖലയാണ്. 28 ശതമാനമാണ് ജി.എസ്.ടി. ചുമത്തിയിട്ടുള്ളത്. ജി.എസ്.ടി. ചുമത്തുന്നത് ജി.എസ്.ടി. കൗൺസിലാണ്. സംസ്ഥാന സർക്കാരിനു മാത്രമായി നികുതിയിൽ മാറ്റം വരുത്താൻ സാധിക്കില്ല. ബഹുമാന്യനായ ഗുരുവായൂരംഗം ചൂണ്ടിക്കാണിച്ചത് പുറത്തുനിന്നുള്ള ബീഡി ഇവിടെ വിൽക്കുന്നതുകൊണ്ട് കേരളത്തിലെ ബീഡി വ്യവസായം പ്രതിസന്ധി നേരിടുന്നുവെന്നാണ്. സംസ്ഥാന നികുതി വകുപ്പാണ് അതിന് നടപടി സ്വീകരിക്കുന്നത്. വേറെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിരവധി കേസുകൾ സംസ്ഥാന ജി.എസ്.ടി. വകുപ്പ്, ഇന്റലിജന്റ്സ് വിഭാഗം കണ്ടെത്തുകയും ജി.എസ്.ടി. നിയമപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമപ്രകാരം മതിയായ രേഖകളില്ലാതെ ഇത്തരം ബീഡികൾ കൊണ്ടുവരുന്നതും വിപണനം ചെയ്യുന്നതും കണ്ടുപിടിച്ച്

ഇത്തരക്കാർക്കെതിരെ ജി.എസ്.ടി. നിയമപ്രകാരം നികുതിയും പിഴയും ചുമത്താറുണ്ട്. ഈ നടപടി ഇനിയും ശക്തമായി മുന്നോട്ടുകൊണ്ടുപോകും.

## 6. മുസ്ലീം സമുദായ സംവരണത്തിലെ കുറവ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഭിന്നശേഷി സംവരണത്തിൽ കാര്യമായി നടപടിയെടുക്കേണ്ടതാണ്. പക്ഷേ ഭിന്നശേഷി സംവരണം നടപ്പിലാക്കുമ്പോൾ ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിന്റെ ടേണിനെ മാത്രം ബാധിക്കുന്നവിധത്തിൽ അത് നടപ്പിലാക്കിയാൽ വലിയ പ്രശ്നമുണ്ടാകും. ഇപ്പോൾ സർക്കാർ പ്രൊപ്പോസ് ചെയ്തിരിക്കുന്ന രീതിയനുസരിച്ചാണെങ്കിൽ പന്ത്രണ്ട് ശതമാനമുള്ള മുസ്ലീം റിസർവ്വേഷൻ പത്തുശതമാനമായി കുറയും. 700 പോസ്റ്റുകളുടെ നഷ്ടം ഒരു വർഷമുണ്ടാകും. സംവരണ സിസ്റ്റത്തിനെ അട്ടിമറിക്കപ്പെടാൻ ഇത് ഇടയാക്കും. Backward റിസർവേഷൻ അട്ടിമറിക്കുന്ന തരത്തിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുകയല്ല; ഭിന്നശേഷിക്കാർ സമൂഹത്തിൽ പൊതുവിലുള്ളതാണ്. അതുകൊണ്ട് ആരെയും പ്രത്യേകിച്ച് ബാധിക്കാതെ ശാസ്ത്രീയമായ രീതിയിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കണം. അതുകൊണ്ട് ഇപ്പോൾ പ്രൊപ്പോസ് ചെയ്യുന്ന രീതി ഒഴിവാക്കി ഭിന്നശേഷി സംവരണം നടപ്പിലാക്കുകയും ഏതെങ്കിലും പ്രത്യേക വിഭാഗത്തെ

സീരിയസ്സായി ബാധിക്കാതെ നടപ്പിലാക്കുകയും വേണം. ഇതാണ് ഈ സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭിന്നശേഷിക്കാർക്ക് അർഹമായ സംവരണം ഉറപ്പുവരുത്തുമ്പോൾ നിലവിലുള്ള സാമുദായിക സംവരണതോതിൽ ഒരു കുറവും വരാതെ നടപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിലവിൽ നാലുശതമാനം ഭിന്നശേഷി സംവരണം ഔട്ട് ഓഫ് ടേണായാണ് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടപ്പാക്കുന്നത്. നിലവിലുള്ള സാമുദായിക സംവരണത്തെ ഇത് ബാധിക്കുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം ഭിന്നശേഷി സംവരണം ഇൻടേണായി നടപ്പാക്കേണ്ടതുണ്ട്. ഇതിന് കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാൽ മാത്രമേ സാധിക്കൂ. ഇക്കാര്യം പി.എസ്.സി.-യും സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, നിയമവകുപ്പ് എന്നീ വകുപ്പുകളുമായി കൂടിയാലോചന നടത്തിയശേഷം പി.എസ്.സി.-യുടെ ഉപദേശം തേടിയിരിക്കുകയാണ്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ മുസ്ലീം വിഭാഗത്തിനോ മറ്റേതെങ്കിലും

സാമൂഹിക വിഭാഗത്തിനോ നിലവിലുള്ള സംവരണത്തിൽ ഒരുകുറവും വരാത്ത രീതിയിൽ മാത്രമേ ഭിന്നശേഷി സംവരണം നടപ്പാക്കൂ എന്നതാണ് സർക്കാരിന്റെ നിലപാട്. ഇക്കാര്യത്തിൽ ഒരു സംവരണവിഭാഗത്തിനും ആശങ്കയുണ്ടാകേണ്ടതില്ല. ഒരുവിഭാഗത്തിനർഹമായ സാമുദായിക സംവരണത്തിൽ കുറവുവരുത്തുമെന്നുള്ള പ്രചാരണം തികച്ചും അടിസ്ഥാനരഹിതമാണ്. അക്കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല. ഇപ്രകാരം ഇൻഡേണായി ഭിന്നശേഷി സംവരണം നടപ്പാക്കുമ്പോൾ ചട്ടഭേദഗതി പ്രാബല്യത്തിൽ വരും. ഈ വിഷയത്തിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഉത്തരവിന് പിന്നെ പ്രസക്തിയുണ്ടാകില്ല. ഇതുമായി ബന്ധപ്പെട്ടാവശ്യമായ വ്യക്തതയുണ്ടാക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ചുവരികയാണ്.

## 7. മനയ്ക്കച്ചിറ ടൂറിസം പദ്ധതി

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ 1.25 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കിയ മനയ്ക്കച്ചിറ ടൂറിസം പദ്ധതി ചങ്ങനാശ്ശേരി മുതൽ മങ്കൊമ്പുവരെയുള്ള 20 കിലോ മീറ്റർ ഭാഗമാണ് ഉൾപ്പെടുത്തിയത്. പദ്ധതിയുടെ ഭാഗമായി എ.സി. കനാലിന്റെ വടക്കുഭാഗത്ത് റോഡിനും കനാലിനും

സമാന്തരമായി പവലിയൻ നിർമ്മിക്കുകയും തറ ടൈൽസിട്ട് വൃത്തിയാക്കുന്നതിനോടൊപ്പം ചെറിയൊരു പവലിയനും അവിടെ നിർമ്മിച്ചിട്ടുണ്ട്. ഇതിനോടടുത്ത് കെ.റ്റി.ഡി.സി.-യുടെ മോട്ടലും പ്രവർത്തിച്ചുവരുന്നുണ്ട്. എ.സി. കനാലിലെ പോള വാരി വൃത്തിയാക്കിയിരിക്കുകയാണ്. ഏകദേശം മൂന്നര കിലോമീറ്ററോളം വരുന്ന എ.സി. റോഡിന് സമാന്തരമായി സ്ഥിതി ചെയ്യുന്ന എ.സി. കനാലിൽ വാട്ടർ ഫൗണ്ടനുകളും ഫാൻസി എലിമിനേഷൻ ലൈറ്റുകളും സ്ഥാപിക്കുകയും മോട്ടാർ സ്ഥാപിച്ച് ചെറുവള്ളങ്ങൾ അനുവദിച്ച് സഞ്ചാരികൾക്ക് ബോട്ടിംഗ് സൗകര്യങ്ങളുംകൂടി ഏർപ്പെടുത്തിയാൽ ഈ പ്രദേശത്തെ പുരോഗതിക്ക് വളരെ സഹായകമാകും. വിനോദ സഞ്ചാരികൾക്ക് വിശ്രമിക്കുന്നതിന് സൗകര്യങ്ങളൊരുക്കി ചെറിയ ഫുഡ്ക്വാർട്ടുകളും ഒരുക്കിയാൽ ചങ്ങനാശ്ശേരി ആലപ്പുഴ റൂട്ടിൽ യാത്ര ചെയ്യുന്നവർക്ക് വളരെയധികം സഹായകമാകും. അതിമനോഹരമായ കാഴ്ചയായും ഈ വിശ്രമകേന്ദ്രം മാറും. 670 കോടി രൂപയോളം മുടക്കിയാണ് ചങ്ങനാശ്ശേരി-ആലപ്പുഴ റോഡ് നല്ലരീതിയിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്നത്. അതിന്റെ നിർമ്മാണം ഏകദേശം 90 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞു. ഈ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി ഒരു ടൂറിസം പ്രോജക്ട് തയ്യാറാക്കി നടപ്പാക്കുന്നതിനാവശ്യപ്പെട്ട് ടൂറിസം ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു.

ബഹുമാനപ്പെട്ട അംഗം അടിയന്തരമായി ഇടപെട്ട് ഇതിന് നടപടിയുണ്ടാക്കുമോ എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മനയ്ക്കച്ചിറ വിനോദസഞ്ചാര പദ്ധതിക്കായി ടൂറിസം വകുപ്പ് 99.55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇന്നോവേഷൻ ഓഫ് കോമ്പൗണ്ട് വാൾ, വാക്ക് വേ വിത്ത് റെയിൻ ഷെൽട്ടേഴ്സ് എന്നീ ഘടകങ്ങൾ പൂർത്തിയാക്കി പ്രസ്തുത പദ്ധതി കോട്ടയം ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറിയിട്ടുണ്ട്. നിലവിൽ ഡി.ടി.പി.സി.-ക്ക് കീഴിൽ പ്രവർത്തിക്കുന്ന പദ്ധതി വരുമാനം പങ്കുവയ്ക്കുന്ന വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്താനാകുമോയെന്ന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വിനോദ സഞ്ചാര വികസന കോർപ്പറേഷനോട് അന്വേഷിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എ.സി. കനാലിൽ മനയ്ക്കച്ചിറയിൽ ആരംഭിച്ച് വേട്ടടി തോടുവഴി ചങ്ങനാശ്ശേരി ബോട്ട്ജെട്ടിയുമായി ബന്ധിപ്പിച്ചാൽ കൂടുതൽ സഞ്ചാരികൾക്ക് ഇവിടെ എത്താനാകുമെന്നും ഇതുവഴി ടൂറിസം വികസനം സാദ്ധ്യമാകുമെന്നും ഇതിനായി പുതിയ വിശദമായ പദ്ധതിരേഖ തയ്യാറാക്കണമെന്നും ആവശ്യപ്പെട്ട് ചങ്ങനാശ്ശേരി എം.എൽ.എ., പൊതുമരാമത്ത് വിനോദ സഞ്ചാരം വകുപ്പ് മന്ത്രിയെന്നുള്ളനിലയിൽ കത്ത് നൽകിയിരുന്നു.

ഇതിന്റെയടിസ്ഥാനത്തിൽ മനയ്ക്കച്ചിറ വിനോദസഞ്ചാര പദ്ധതിയുടെ വിപുലീകരണ സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്. എ.സി. റോഡിന് സമാന്തരമായി സ്ഥിതിചെയ്യുന്ന എ.സി. കനാലിൽ വാട്ടർ ഫൗണ്ടൻ, ഫാൻസി എലിമിനേഷൻ ലൈറ്റുകൾ സ്ഥാപിക്കൽ, മോട്ടോർ ഘടിപ്പിച്ച ചെറുവള്ളങ്ങളിൽ സഞ്ചാരികൾക്ക് ബോട്ടിംഗ് ഏർപ്പെടുത്തൽ, സഞ്ചാരികൾക്ക് വിശ്രമിക്കാൻ സൗകര്യങ്ങളൊരുക്കി ചങ്ങനാശ്ശേരി-ആലപ്പുഴ റൂട്ടിൽ യാത്ര ചെയ്യുന്നവർക്ക് മനോഹരമായ കാഴ്ചയും വിശ്രമ കേന്ദ്രവും ലഭ്യമാക്കൽ എന്നീ ഘടകങ്ങളും മനയ്ക്കച്ചിറ വിനോദസഞ്ചാര പദ്ധതിയുടെ വിപുലീകരണത്തോടൊപ്പം പരിശോധിക്കാവുന്നതാണെന്ന് സഭയെ അറിയിക്കുകയാണ്.

## 8. കുന്നംകുളം കലശമല ഇക്കോ ടൂറിസം വില്ലേജ്

ശ്രീ. എ. സി. മൊയ്തീൻ: സർ, എന്റെ നിയോജകമണ്ഡലമായ കുന്നംകുളത്തെ കലശമലയിലെ ഇക്കോ ടൂറിസം പദ്ധതി ആദ്യഘട്ടം പൂർത്തീകരിച്ചു. ധാരാളം സഞ്ചാരികൾ എത്തിപ്പെടുന്ന കേന്ദ്രമായി അതുമാറിയിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിനായി 2019-ൽ പത്തുകോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചു. 4.9 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്ന്. തഹസീൽദാർ (എൽ.എ) അറിയിച്ചിട്ടുണ്ട്. അതിന്റെ നഷ്ടപരിഹാരത്തുക

11.74 കോടി രൂപയിൽപ്പരം വരും. നേരത്തെ എൽ.എ. തഹസീൽദാർക്ക് ഭരണാനുമതി കിട്ടിയതിൽനിന്നും 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജായി നൽകിയിരുന്നു. അതുൾപ്പെടെ 12.24 കോടി രൂപയിൽപ്പരം ഇപ്പോൾ ചെലവുവരും. ഇതിന് ഭരണാനുമതി നേരത്തെയുണ്ടായിരുന്നു. പുതുക്കി നൽകേണ്ടതുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായ ഇടപെടലുണ്ടാകണമെന്നുള്ളതാണ് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം അവിടത്തെ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി ഇതുവരെ രൂപീകരിച്ചിട്ടില്ല. അതിനാവശ്യമായ ഇടപെടലുമുണ്ടാകണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കലശമലയിലെ വിനോദസഞ്ചാര വികസനത്തിന് ഭൂമി ഏറ്റെടുക്കുവാൻ 02-11-2019-ലെ സർക്കാർ ഉത്തരവുപ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കലശമലയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. പദ്ധതിയുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠനവും പൂർത്തിയാക്കിയിട്ടുണ്ട്. കലശമല വികസനത്തിനായി വിവിധ സർവ്വേ നമ്പരുകളിലുൾപ്പെട്ട 4.8351 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ 11,74,70,050 രൂപയാണ് ചെലവ് കണക്കാക്കുന്നത്. ഇതിനുപുറമേ കണ്ടിജൻസി ചാർജ്ജായി 50 ലക്ഷം രൂപയും ചെലവ്

പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ കലശമല വിനോദസഞ്ചാര പദ്ധതി വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ ആകെ 12,24,70,050 രൂപ വേണ്ടിവരും. എന്നാൽ നിലവിൽ ഭൂമി ഏറ്റെടുക്കാൻ 10 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. ആകെ 12,24,70,050 രൂപ പ്രതീക്ഷിക്കുന്നതിനാൽ ഈ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. ഇത്തരത്തിൽ കലശമല വിനോദസഞ്ചാര പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി അനുവദിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ട്.

## 9. തിരുവനന്തപുരം - പൊന്മുടി റോഡ് നവീകരണം

ശ്രീ. ജി. സ്റ്റീഫൻ: സർ, തിരുവനന്തപുരം - പൊന്മുടി റോഡിന്റെ മുടങ്ങിക്കിടക്കുന്ന നിർമ്മാണം പുനഃരാരംഭിക്കണമെന്ന് ആവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ. തിരുവനന്തപുരം ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ പൊന്മുടിയിലേക്ക് പോകുന്ന പ്രധാനപ്പെട്ട പാതയാണ് തിരുവനന്തപുരം - പൊന്മുടി റോഡ്. ഈ റോഡ് 2018-ലെ പ്രളയത്തിൽ തകർന്നിരുന്നു. ഇതിനെത്തുടർന്ന് ഒന്നാം പിണറായി സർക്കാർ 29.05.2020-ൽ 248 കോടി രൂപ അനുവദിക്കുകയാണ്ടായി. 42 കിലോ മീറ്റർ ദൂരമുള്ളതാണ് ഈ റോഡ്. നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ നിന്ന് ആരംഭിച്ച് അരുവിക്കര മണ്ഡലത്തിലെ തൊളിക്കോട് വിതുര

പഞ്ചായത്തുകൾ പിന്നിട്ട് പൊൻമുടിയിലെത്തിച്ചേരുന്ന അതായത് സംസ്ഥാനത്തിന്റെ അതിർത്തിയിലേക്ക് --തമിഴ്നാട്ടുമായി അതിർത്തി പങ്കിടുന്ന പ്രദേശത്തേയ്ക്ക് എത്തിച്ചേരുന്ന പ്രധാനപ്പെട്ടൊരു റോഡാണ്. 25.06.2021-ൽ ഇതിന് സാങ്കേതിക അനുമതി ലഭിച്ചു. ആന്റെക് പി.ആർ.ഐ. പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി 20.10.2021-ൽ എഗ്രിമെന്റ് വച്ചു. കെ.എസ്.ടി.പി. കൊട്ടാരക്കര ഡിവിഷനാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. 08.12.2021-ന് കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തു. 15.06.2022-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തൊളിക്കോട് എത്തിച്ചേർന്ന് ഇതിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. എന്നാൽ ഈ റോഡിന്റെ നിർമ്മാണം സമയബന്ധിതമായി നടക്കുന്നില്ല. നിർമ്മാണം ആരംഭിച്ച് കുറച്ച് കാലം കഴിഞ്ഞപ്പോൾ 2023 ഒക്ടോബർ മാസത്തോടുകൂടി നിർമ്മാണം അവസാനിക്കുന്ന സാഹചര്യമാണുണ്ടായത്. 07.12.2023-ൽ റോഡിന്റെ പൂർത്തീകരണ കാലവും അവസാനിച്ചിരിക്കുകയാണ്. തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ നിരവധി സ്ഥലങ്ങളിൽ റോഡ് പൊട്ടിപ്പൊളിഞ്ഞ നിലയിൽ കിടക്കുകയാണ്. ഇക്കഴിഞ്ഞ കാലവർഷത്തിൽ ഒരു ദിവസം തൊളിക്കോട് ജംഗ്ഷനിലെ

മുഴവൻ കച്ചവട സ്ഥാപനങ്ങളിലും വെള്ളം കയറി വ്യാപാരികൾക്ക് കനത്ത നാശനഷ്ടങ്ങൾ സംഭവിക്കുകയുണ്ടായി. ഇത് വലിയ ബഹുജനരോഷമുണ്ടാകുന്ന സാഹചര്യമുണ്ടായി. ഈ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശത്തെ നാട്ടുകാരും വ്യാപാരികളും പൊതു പ്രവർത്തകരും കടുത്ത പ്രതിഷേധത്തിലാണ്. മാത്രവുമല്ല ഈ റോഡിന്റെ ഇരുത്തലമൂല മുതൽ വിതുരവരെയുള്ള 3.8 കിലോ മീറ്റർ ദൂരം നിലവിലുള്ള വർക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതുകൊണ്ട് അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്നും രണ്ട് വർഷ കാലയളവുണ്ടായിട്ടും വെറും 25 ശതമാനം മാത്രം വർക്ക് നടത്താനുണ്ടായ സാഹചര്യം പരിശോധിക്കണമെന്നും പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സർക്കാരിനെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട റോഡ് നവീകരണ പദ്ധതിയാണ് തിരുവനന്തപുരം - പൊന്മുടി റോഡ് വികസനം. പൊന്മുടി ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി

വികസിച്ചുകൊണ്ടിരിക്കുകയാണ്. പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ പൊന്മുടിയിലേക്കുള്ള റോഡ് നവീകരണം ടൂറിസത്തിന് ഒരു മുതൽക്കൂട്ടാണ്. ഇവിടെ സൂചിപ്പിച്ച റോഡിന്റെ പഴകുറ്റി മുതൽ പൊന്മുടി വരെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിന് 248.18 കോടി രൂപയ്ക്ക് ഭരണാനുമതി നല്കി. 37.94 കിലോമീറ്റർ വികസിപ്പിക്കുന്നതിന് 191.21 കോടി രൂപയുടെ സാങ്കേതിക അനുമതിയും നല്കിയിരുന്നു. നിലവിലുള്ള നിർമ്മാണ പുരോഗതി 25 ശതമാനമല്ല, 22.65 ശതമാനം മാത്രമാണ്. അത് തൃപ്തികരമല്ലെന്ന് ഉദ്യോഗസ്ഥരെയും കരാറുകാരെയും പ്രവർത്തി വിലയിരുത്തിയ ഘട്ടത്തിൽ അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കാനും കെ.എസ്.ടി.പി.-ക്ക് നിർദ്ദേശം നല്കിയിരുന്നു. കെ.എസ്.ടി.പി.-യിൽ നിന്ന് നിരവധി തവണ പ്രവൃത്തിയുടെ കൺസൾട്ടൻസി രേഖാമൂലം പുരോഗതി കുറവാണെന്ന് അറിയിച്ചിരുന്നു. കരാറുകാരന്റെ ഭാഗത്തുനിന്നും യാതൊരുവിധ പ്രവർത്തന പുരോഗതിയും ഉണ്ടാകാത്തതിനെത്തുടർന്ന് ഇക്കാര്യം പരിശോധിക്കുവാൻ പി.ഡബ്ല്യു.ഡി. സെക്രട്ടറിയെ ചുമതലപ്പെടുത്തി. പി.ഡബ്ല്യു.ഡി. സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജനുവരി മാസം 11-ാം തീയതി കൂടിയ

യോഗത്തിൽ കരാറുകാരൻ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകുന്നില്ലെങ്കിൽ പ്രവൃത്തിയിൽ നിന്നും ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചു. കർശന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 17.01.2024 മുതൽ പ്രവൃത്തി പുനഃആരംഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധനയ്ക്ക് വിധേയമാക്കണം. ഈ ഒരു മാസത്തെ പുരോഗതി വിലയിരുത്തി തൃപ്തികരമല്ലെങ്കിൽ കോൺട്രാക്ട് വ്യവസ്ഥ പ്രകാരം കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള കടുത്ത നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പലയിടങ്ങളിലും ഇത്തരം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കരാറുകാരനെ ടെർമിനേറ്റ് ചെയ്തുകഴിഞ്ഞാൽ പ്രവൃത്തി മുടങ്ങിപ്പോകുമെന്ന ഭയം പൊതുവെ നമ്മളിൽ പലർക്കുമുണ്ട് അതിന് ഒരു പ്രശ്നവുമില്ല. പ്രവൃത്തി ഏറ്റെടുത്ത് നടത്തണമെന്നൊരു സ്ഥിതിയുണ്ടെങ്കിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് പോകുമെന്ന സ്ഥതിയാണ് സർക്കാറിനുള്ളത്. ആ നിലയിൽ ഒട്ടേറെ പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്യുകയും ഉടനെത്തന്നെ റീ-ടെണ്ടർ ചെയ്ത് പ്രവൃത്തി നടത്താനും സാധിച്ചിട്ടുണ്ടെന്നുള്ളത് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## 10. കീഴ്പ്പളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ്

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ കീഴ്പ്പളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന പ്രവൃത്തി 2020 നവംബർ 5-ന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഉദ്ഘാടനം ചെയ്തിരുന്നു. അതിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് 94 ലക്ഷം രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് അവരുടെ ഫണ്ടിലെ പദ്ധതി വിഹിതത്തിൽ നിന്ന് ഒരു കോടി രൂപയിലധികം അവിടത്തെ പ്രവൃത്തികൾക്കായി നല്കിയിട്ടുണ്ട്. 2 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഇപ്പോൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ബ്ലോക്ക് പഞ്ചായത്തിൽ നല്കിയിരിക്കുന്ന കത്തും അവിടത്തെ മെഡിക്കൽ ഓഫീസർക്ക് നല്കിയിരിക്കുന്ന കത്തിലും പറഞ്ഞിരിക്കുന്നത് ഡി.എച്ച്.എസ്..-ൽ നിന്ന് പെർമിഷൻ വാങ്ങണമെന്നാണ്. 2020-ൽ ഉദ്ഘാടനം ചെയ്യുകയും 2 കോടി മുടക്കുകയും ചെയ്ത പ്രവൃത്തിക്ക് ഇനിയും അനുവാദം ലഭിക്കാനുള്ള സാങ്കേതിക തടസ്സം അടിയന്തരമായി ഒഴിവാക്കണം. ആദിവാസി മേഖലയുടെ സമീപത്താണ് സി.എച്ച്.സി.

അവിടൊരു ഡയാലിസിസ് യൂണിറ്റിന്റെ പ്രവൃത്തികളെല്ലാം ചെയ്തു. ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചർ എല്ലാം ചെയ്തിരിക്കുന്നു. തുക മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അടയ്ക്കുകയും ചെയ്തു. ഇനിയും അനുമതി ലഭിച്ചിട്ടില്ല. അതിന്റെ തടസ്സങ്ങൾ നീക്കി അനുമതി നല്കണം. മറ്റൊരു കാര്യം പേരാവൂർ താലൂക്ക് ആശുപത്രി ബഹുമാനപ്പെട്ട മന്ത്രി തന്നെ രണ്ട് തവണ സന്ദർശിച്ചതാണ്. അവിടെ 21 നിലകളുണ്ടായിരുന്ന കെട്ടിടങ്ങൾ പൊളിച്ച് കിഫ്ബി വർക്കിൽ ഉൾപ്പെടുത്തി അന്നത്തെ മന്ത്രി പ്രവൃത്തിയുടെ ഉദ്ഘാടനം നടത്തിയതാണ്. മൂന്ന് വർഷം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചിട്ടില്ല. ഇപ്പോൾ ടെണ്ടർ എക്സസ് ആണ്. അഞ്ച് കോടി രൂപ എക്സസ് വേണം. ആയതിന്റെ ഫയൽ ആരോഗ്യ വകുപ്പിൽ നിന്നും ഫിനാൻസ് വകുപ്പിലേക്ക് പോയിട്ടുണ്ട്. കിഫ്ബിയുടെ പ്രവൃത്തിയായതുകൊണ്ട് അതിന് തടസ്സങ്ങളുണ്ടെന്ന് മനസ്സിലാക്കാം. ആ തടസ്സവും മന്ത്രി തലത്തിലിടപെട്ട് പരിഹരിക്കണം. പഴയ കെട്ടിടം പൊളിച്ച് അവിടെ പകരം കെട്ടിടം നിർമ്മിക്കാനാണ്. കെട്ടിടങ്ങളുടെ സൗകര്യമില്ലാത്തതുകൊണ്ട് നിരവധി രോഗികൾ അവിടെ പ്രയാസപ്പെടുകയാണ്. അതുപോലെ ആവശ്യമായ ഡോക്ടർമാർ ഇരുട്ടി

പേരാവൂർ ആശുപത്രികളിലാവശ്യമാണ്. ഇക്കാര്യങ്ങളിലെല്ലാം ആരോഗ്യ വകുപ്പുമന്ത്രിയുടെയും വകുപ്പിന്റെയും അടിയന്തര ശ്രദ്ധ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഡയാലിസിസ് ചെയ്യുമ്പോൾ ഒരു രോഗിക്കുണ്ടാകുന്ന സങ്കീർണ്ണമായ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ചില നിശ്ചിത മാനദണ്ഡങ്ങൾ ഡയാലിസിസ് സെന്ററുകളിലുണ്ടാകണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ആർദ്രം സ്റ്റാൻഡേർഡൈസേഷൻ പ്രകാരം ഇതുസംബന്ധിച്ച മാനദണ്ഡങ്ങൾ പുറത്തിറക്കിയിരുന്നു. ആ ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആർദ്രം മിഷന്റെ ഭാഗമായി താലൂക്ക് ആശുപത്രി തലം മുതൽ മുകളിലോട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിൽ ഒട്ടേറെ ക്രൈറ്റീരിയ പറയുന്നുണ്ട്. പരിശീലനം ലഭിച്ചിട്ടുള്ള ഡോക്ടർ, നേഴ്സ് എന്നിവരുടെയും ക്വാളിഫൈഡ് ടെക്നീഷ്യന്മാർ അതുപോലത്തന്നെ രോഗിയുടെ ആന്തരിക അവയവ പ്രവർത്തനങ്ങളും ജീവനാഡി പ്രവർത്തനങ്ങളും നിരന്തരമായി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം അങ്ങനെ തുടങ്ങി കുറേയേറെ കാര്യങ്ങൾ.

ബഹുമാനപ്പെട്ട അംഗം ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അദ്ദേഹം സൂചിപ്പിച്ചിരുന്ന കീഴ്പളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രത്യേകം പരിശീലനം ലഭിച്ചിട്ടുള്ള ഡോക്ടർ, നേഴ്സ് എന്നിവരുടേയും അതുപോലെ ക്വാളിഫൈഡ് ടെക്നീഷ്യൻമാരുടെ സേവനം ഓരോ കിടക്കകളിലും ഞാൻ സൂചിപ്പിച്ച മോണിറ്റർ സംവിധാനം, നേഴ്സിംഗ് സ്റ്റേഷൻ, ഹാന്റ് വാഷിംഗ് തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ ആവശ്യമുണ്ടെന്നുള്ളതും അത് താലൂക്ക് തല ആശുപത്രിയാകണമെന്നുള്ളതാണ് ഗവൺമെന്റ് ഓർഡറുള്ളത്. പക്ഷേ ഈ ഘട്ടത്തിൽ ചില പ്രത്യേക ആവശ്യങ്ങൾ ഇങ്ങനെയുള്ള ചില മേഖലകളിൽ നിന്ന്.... ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു ആദിവാസി മേഖലയിലുള്ളൊരു സി.എച്ച്.സി. ആണ്. ഇത് സർക്കാരിന്റെ പരിഗണനയിലുണ്ട്. അതായത് കഴിഞ്ഞ തവണ ഇറങ്ങിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താലൂക്കുതലം മുതലാണ് സാദ്ധ്യമാകുന്നത്. എന്നാൽ സി.എച്ച്.സി.-കളിൽ ഇത് സാദ്ധ്യമാക്കുന്നതിന് തദ്ദേശ സ്ഥാപനവും ആരോഗ്യ വകുപ്പും കൂടി ഒരു ധാരണയിൽ എത്തിച്ചേർന്നുകൊണ്ട് ഈ

പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കുന്ന ഇടങ്ങളിൽ അത് അനുവദിക്കാൻ കഴിയുമോയെന്നുള്ള കാര്യം തീർച്ചയായും സർക്കാരിന്റെ പരിഗണനയിലാണുള്ളത്. അത് പെട്ടെന്നുതന്നെ തീരുമാനമെടുത്ത് മുന്നോട്ടു പോകണമെന്നുള്ളതാണ് സർക്കാർ ആലോചിച്ചിട്ടുള്ളത്. അങ്ങനെ ആണെങ്കിൽ അങ്ങനെയൊരു ധാരണയുണ്ടാക്കി ഒരു കരാർ വച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുമെങ്കിൽ അത് സാദ്ധ്യമാക്കാൻ കഴിയുമെന്നുള്ളതാണ് പ്രതീക്ഷിക്കപ്പെടുന്നത്. അതോടൊപ്പം പേരാവൂർ താലൂക്ക് ആശുപത്രിയും ഇരുട്ടി ആശിപത്രിയും സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അഞ്ച് തവണയിലധികം പേരാവൂർ ആശുപത്രിയിൽ ടെണ്ടർ നടപടികൾ നടത്തിയിരുന്നു. ആദ്യ ടെണ്ടർ നടപടി സാങ്കേതികമായിട്ടുള്ള ചില തെറ്റുകൾ ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് റദ്ദാക്കിയിരുന്നു. അതിനുശേഷമാണ് അഞ്ച് തവണ നിർവ്വഹണ ഏജൻസി ടെണ്ടർ വിളിച്ചത്. അഞ്ചാമത്തെ തവണ മൂന്ന് ബിഡ്ഡർമാരെ ലഭ്യമായി. അനുവദിച്ച തുകയേക്കാൾ ഏതാണ്ട് 8.8 ശതമാനത്തിനടുത്തെന്നാണ് എന്റെ ഓർമ്മ. അങ്ങനെയാണെങ്കിൽപ്പോലും സങ്കീർണ്ണമായിട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ മുന്നിലില്ല. അത് വകുപ്പിന്

അനുമതി നല്കുന്ന നിലയിലേക്ക് ധനവകുപ്പിന്റെ കൂടി അനുമതി, കിഫ്ബിയുടെ അനുമതി തേടിക്കൊണ്ട് ഉടനെത്തന്നെ ഈ വർക്ക് അവാർഡ് ചെയ്യാൻ കഴിയുമെന്നുള്ളതാണ് അദ്ദേഹത്തെ അറിയിക്കാനുള്ളത്. അതോടൊപ്പം ഇരുട്ടി താലൂക്ക് ആശുപത്രിയിൽ മാസ്റ്റർ പ്ലാൻ പദ്ധതി പൂർത്തിയാകുന്നതോടുകൂടി സ്ഥലപരിമിതി മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. മതിയായ ബിഡ്ഡർമാരെ ലഭിക്കാത്തതിനാൽ റീ-ടെണ്ടർ നടപടി വേണ്ടി വന്നതിനാലാണ് കാലതാമസം നേരിട്ടത്. 19.01.2024-ൽ ഇതുസംബന്ധിച്ച കരാർ ഒപ്പിട്ടിട്ടുണ്ട്. 28 മാസങ്ങളിലാണ് പ്രവൃത്തികൾക്കുള്ള കാലാവധി. അടുത്ത മാസം തന്നെ അതിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. താലൂക്കുതല ആശുപത്രി സന്ദർശനവേളയിൽ അവിടെ ഒരു സി.എം.ഒ. പോസ്റ്റ് ഒഴിവുണ്ടായിരുന്നു. ആ പോസ്റ്റിലേക്ക് ജനുവരി മാസം 12-ാം തീയതി ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. അതുകൂടാതെ അനസ്തേഷ്യോളജിസ്റ്റിന്റെ വിഷയമുണ്ടായിരുന്നു. ആ തസ്തികയും നികത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ളതും അദ്ദേഹത്തെ അറിയിക്കുകയാണ്.